അയിരുപ്പാറ വില്ലേജിൽ ഭൂമിയുടെ കരം അടച്ചുകിട്ടുന്നത് സംബന്ധിച്ച നടപടി

199 (1255) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിൽ അയിരുപ്പാറ വില്ലേജിൽ ഭൂമിയുടെ കരം അടച്ചുകിട്ടുന്നത് സംബന്ധിച്ച് 24-8-2013-ൽ നൽകിയ 52416/2013/LRM1 നമ്പർ ഫയലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയലിൽ തീരുമാനമാകാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഫയലിൽ ഇനി എന്തൊക്കെ തുടർപ്രവർത്തനങ്ങളാണ് നടക്കേണ്ടത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം താലൂക്കാഫീസിലെ എൽ.ആർ.(എം)1-52416/13-ാം നമ്പർ ഫയൽ തുടർ നടപടികൾക്കായി താലൂക്ക് ഓഫീസിൽ നിന്നും റീ-സർവ്വേ സൂപ്രണ്ട് ഓഫീസ്, കരമനയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഫയലുകൾ മുൻഗണന ക്രമത്തിൽ തീർപ്പാക്കിവരുന്നു.

(സി) സർവ്വേ നടപടികൾ പൂർത്തിയാക്കി റെക്കോഡ് അംഗീകരിച്ച് നൽകേണ്ടതുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

200 (1256) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ കാലവർഷത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഒട്ടുമിക്ക റോഡുകളും തകർന്ന് ഗതാഗത യോഗ്യമല്ലാതായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ;

(സി) കാലവർഷത്തിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കുവാൻ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ; 1-7-2011 മുതൽ 31-10-2014 വരെയുള്ള കണക്ക് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ടനുവദിക്കാറില്ല.

കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ നടപടി

201 (1257) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി വിട്ടുനൽകുന്നതിന് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഭൂമി കൈമാറ്റ നിർദ്ദേശം സർക്കാരിൽ ലഭ്യമായിട്ടില്ല

കൈവശമുള്ള തോട്ടഭൂമിയുടെ അഞ്ച് ശതമാനം ടൂറിസം ഉൾപ്പെടെയുള്ള ആവശ്യത്തിന് മാറ്റി കിട്ടാൻ അപേക്ഷിച്ചവർ

202 (1258) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈവശമുള്ള തോട്ടഭൂമിയുടെ അഞ്ച് ശതമാനം ടൂറിസം ഉൾപ്പെടെയുള്ള ആവശ്യത്തിന് മാറ്റി കിട്ടാൻ അപേക്ഷിച്ചവർ എത്രയാണ് ; എത്ര പേർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട് ;

(ബി) തോട്ടഭൂമി കൈവശം വച്ച് വരുന്നവർ സംസ്ഥാനത്ത് എത്രയുണ്ട് ; മൊത്തം എത്ര ഏക്കർ തോട്ട ഭൂമിയാണ് സംസ്ഥാനത്തുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നിന്ന് ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. സർക്കാർ ആർക്കും അനുമതി നൽകിയിട്ടില്ല.

(ബി) 4804 പേർ. ഇടുക്കി ജില്ലയിൽ ഒഴികെ സംസ്ഥാനത്ത് 65978.98.10 ഹെക്ടർ ഭൂമി വ്യക്തികൾ കൈവശം വച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly